# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1023** **30.01.2019-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ നിലവിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്; വിശദവിവരം നൽകുമോ; | (എ) "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24.01.2019 തീയതി വരെ 3,57,028 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ 31.10.2018 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 55,475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എല്ലാ തൊഴിലാളികളെയും ക്ഷേമ നിധിയിൽ അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) 'ആവാസ്' പദ്ധതി പ്രകാരം രജിസ്ട്രേഷൻ നടന്നു വരുന്നു. എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) ഇവരുടെ ആരോഗ്യ പരിശോധനയ്ക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ; | (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. ഈ ക്യാമ്പുകളിൽ മരുന്നുകൾ സൗജന്യമായി നൽകി വരുന്നു. തുടർചികിത്സ ആവശ്യമെന്നുകണ്ടാൽ തൊട്ടടുത്ത സർക്കാർ ആശുപത്രികളിലേക്ക് റഫർ ചെയ്യാറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെട്ട ടീം ലേബർ ക്യാമ്പുകളിൽ സ്ക്വാഡ് |

| | |
|---|---|
| | പരിശോധന നടത്തുകയും പരിസര ശുചീകരണം, ആരോഗ്യ പരിപാലനം എന്നിവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു. |
| (ഡി) ഇവരുടെ താമസത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത് എന്നറിയിക്കാമോ? | (ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. നിലവിൽ 'അപ്നാഘർ' പദ്ധതിയുടെ പാലക്കാട്ടുള്ള സ്കീമിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതിയുടെ മറ്റു സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 1,555 | 168 |
| 2 | അരുണാചൽ പ്രദേശ് | 422 | 61 |
| 3 | ആസ്സാം | 52,464 | 6077 |
| 4 | ബീഹാർ | 35,031 | 5278 |
| 5 | ഛത്തീസ്ഗഡ് | 1491 | 46 |
| 6 | ഗോവ | 26 | - |
| 7 | ഗുജറാത്ത് | 170 | 13 |
| 8 | ഹരിയാന | 118 | 22 |
| 9 | ഹിമാചൽ പ്രദേശ് | 90 | 2 |
| 10 | ജമ്മു & കാശ്മീർ | 384 | 2 |
| 11 | ഝാർഖണ്ഡ് | 18,028 | 1517 |
| 12 | കർണ്ണാടക | 6,584 | 3990 |
| 13 | മദ്ധ്യപ്രദേശ് | 2,767 | 371 |
| 14 | മഹാരാഷ്ട്ര | 735 | 48 |
| 15 | മണിപ്പൂർ | 398 | 20 |
| 16 | മേഘാലയ | 358 | - |
| 17 | മിസ്സോറാം | 52 | - |
| 18 | നാഗാലാന്റ് | 324 | 36 |
| 19 | ഒഡീഷ | 39,036 | 8563 |
| 20 | പഞ്ചാബ് | 211 | 7 |
| 21 | രാജസ്ഥാൻ | 2,155 | 206 |
| 22 | സിക്കിം | 68 | - |
| 23 | തമിഴ്നാട് | 28733 | 1467 |
| 24 | തെലുങ്കാന | 183 | - |
| 25 | ത്രിപുര | 782 | 13 |
| 26 | ഉത്തർപ്രദേശ് | 13,563 | 1274 |
| 27 | ഉത്തരാഖണ്ഡ് | 782 | 199 |
| 28 | പശ്ചിമബംഗാൾ | 1,49,743 | 26052 |
| 29 | | ഡൽഹി-377<br>മറ്റുള്ളവ-398 | ഡൽഹി- 41<br>ആൻഡമാൻ & നിക്കോബാർ - 2 |
| | **ആകെ** | **357028** | **55475** |

സെക്ഷൻ ഓഫീസർ.